LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഒരു സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നോക്ക വിഭഗങ്ങളുടെ പട്ടിക (ഒ.ബി.സി. ലിസ്റ്റ്)-യിൽ ഉൾപ്പെടുത്തുന്നത് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ്. കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെളിവെടുപ്പുൾപ്പെടെ വിശദമായ പഠനം നടത്തിയാണ് ഒരു സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുള്ളതാണോ അല്ലയോ എന്ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കണ്ടെത്തുന്നത്. മുഖാരി-മുഹരി സമുദായത്തെക്കുറിച്ച് കിർത്താഡ്സ് പഠനം നടത്തി വരികയാണ്. കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് ലഭ്യമാകുന്ന മുറയ്ക്ക് കമ്മീഷൻ അത് പരിശോധിച്ച് സർക്കാരിന് ഉപദേശം നൽകുന്നതാണ്. കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ മുഖാരി-മുഹരി സമുദായത്തെ സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി

275 (983) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽനിന്നും പട്ടികജാതി വികസന വകുപ്പിന് കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുവേണ്ടി പ്രസ്തുത ഭൂമി എത്രയുംവേഗം കൈമാറ്റം ചെയ്തുകിട്ടാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിനായി തൃശ്ശൂർ ജില്ലയിൽ തിരുവില്വാമല പഞ്ചായത്തിൽ കണിയാർകോട് വില്ലേജിൽ സർവ്വേ നമ്പർ. 688/1, 688/2 -ൽപെട്ട 6 ഏക്കർ 82 ¼ സെന്റ് സ്ഥലം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് പട്ടികജാതി വികസന വകുപ്പിന് ഉപയോഗാനുമതി നൽകിക്കൊണ്ട് 17-7-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 304/2014/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമി അളന്ന് തിരിച്ച് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 590 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

സ്വാശ്രയ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി-ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

276 (984) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര പട്ടിക ജാതി - ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ, കോളേജുകൾ, സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന പട്ടികജാതി - ഒ.ബി.സി., ഒ.ഇ.സി. വിഭാഗത്തിന് സ്റ്റൈപന്റ്, ലംസം ഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവ നൽകാൻ എത്ര തുക ആവശ്യമായി വരുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഈ ആവശ്യത്തിനായി എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക വിതരണം ചെയ്തെന്നും, എന്ത് തുക കുടിശ്ശികയുണ്ടെന്നും വിശദമാക്കാമോ ?